# വിള തിന്നുന്ന **വേലികൾ**

രാജാധിപത്യവും സ്വോച്ഛാധിപത്യവുമായിരുന്നു ഒരു കാലത്ത് ലോകരാജ്യങ്ങളിലുടനീളമുള്ള ഭരണ സംവിധാനങ്ങളെ നിയന്ത്രിച്ചിരുന്നത്

ചോദ്യം ചെയ്യപ്പെടാത്ത അധികാരശക്തി കൈയ്യേന്തിയവരായ ഇത്തരം ഭരണാധികാരികൾ നടത്തിയ സർവ്വാധിപത്യ ഭരണത്തിൽ തിരുവായ്ക്ക് എതിർവായ് ഉണ്ടായിരുന്നില്ല. അധികാര സംവിധാനങ്ങൾ മുഴുവനായും ഒരു വ്യക്തിയിൽ കേന്ദ്രീകരിക്കുന്നു എന്നതായിരുന്നു ഇത്തരം ഭരണ സംവിധാനങ്ങൾക്കുള്ള ഏറ്റവും വലിയ ദോഷമായി കണക്കാക്കപ്പെട്ടിരുന്നത്.

കാലാന്തരേണ ജനാധിപത്യം എന്ന ആധുനിക ചിന്ത മനുഷ്യരെ സ്വാധീനിക്കുകയും അത് ലോകരാഷ്ട്രീയത്തിന്റെ ഗതിവിഗതികളെ നിയന്ത്രിക്കുന്നിടത്തേക്ക് കാര്യങ്ങൾ നീങ്ങുകയും ചെയ്തു. ഭരണാധികാരികളെ തെരഞ്ഞെടുക്കാനും ഭരണകാര്യങ്ങളെക്കുറിച്ച് അഭിപ്രായം പറയാനും വിമർശിക്കുവാനുമൊക്കെയുള്ള അവകാശവും സ്വാതന്ത്ര്യവും രാജ്യത്തെ ഓരോ പൗരനും ലഭിക്കുന്നു എന്നതാണ് ജനാധിപത്യത്തിലധിഷ്ഠിതമായ രാഷ്ട്രീയ വ്യവസ്ഥക്ക് ജനമനസ്സുകളിൽ വലിയ സ്വാധീനമുണ്ടാക്കുന്നതിന് ഇടയാക്കിയത്.

കേവലം രാഷ്ട്രീയം മാത്രമല്ല, ലോകസമൂഹത്തിന്റെ മുഴുവൻ സാമൂഹിക ഘടനയും ജനാധിപത്യത്തിന്റെ ചട്ടക്കൂടിലേക്ക് മാറിയിരിക്കുകയാണിന്ന്. അതുകൊണ്ടുതന്നെ പൂർണാർത്ഥത്തിൽ ജനാധിപത്യ വ്യവസ്ഥയിലേക്ക് മാറിയിട്ടില്ലാത്ത രാഷ്ട്രീയ സംവിധാനങ്ങളുള്ള രാജ്യങ്ങൾക്ക് പോലും ഇന്ന് ജനാധിപത്യ സംസ്കാരത്തിന്റെ പ്രഭാവത്തിൽ നിന്ന് മുക്തരാകാൻ കഴിയുന്നില്ല എന്നതാണ് സത്യം.

ഇന്നത്തെ പരിഷ്കരണ സമൂഹത്തിൽ ജനാധിപത്യ വിരുദ്ധനെന്ന് ആക്ഷേപിക്കപ്പെടുന്നതാണ് ഒരാളെ സംബന്ധിച്ചിടത്തോളം താങ്ങാൻ കഴിയാത്ത കഴിയാത്ത ആഘാതമായി ഗണിക്കപ്പെടുന്നത്. ജനാധിപത്യത്തിന് ഇന്ന് സമൂഹത്തിൽ അത്രമേൽ സ്വാധീനമുണ്ടായിട്ടുണ്ട് എന്നർത്ഥം.

എന്നാൽ ആധുനിക ജനാധിപത്യ ഭരണകൂടങ്ങളുടെ പല നടപടികളെയും പഴയകാല രാജാധിപത്യ-സ്വോച്ഛാധിപത്യ ഭരണകൂടങ്ങളുടെ നടപടികളുമായി താരതമ്യം ചെയ്യുമ്പോൾ സ്വോച്ഛാധിപത്യ ഭരണാധികാരികളിൽ നിന്ന് ആളുകൾക്ക് അനുഭവിക്കേണ്ടി വന്നിരുന്നതിനേക്കാൾ വലിയ അക്രമങ്ങളും അനീതികളും ചില ജനാധിപത്യ ഭരണകൂടങ്ങൾക്ക് കീഴിൽ ജീവിക്കുന്ന മനുഷ്യർക്ക് ഇന്ന് അനുഭവിക്കേണ്ടി വരുന്നു എന്നതാണ് ദുഃഖകരമായ സത്യം.

സർവ്വാധിപതികളും സ്വോച്ഛാധിപതികളുമായ ഭരണാധികാരികളെ സംബന്ധിച്ചിടത്തോളം തങ്ങളുടെ ഏതെങ്കിലുമൊരു നടപടിയുടെ സാധുത നാട്ടിലെ ജനങ്ങളെ ബോധ്യപ്പെടുത്തേണ്ടുന്ന ആവശ്യം അവർക്കുണ്ടായിരുന്നില്ല. അവരുടെ അധികാരാരോഹണവും അധികാര കൈമാറ്റവുമൊന്നും ജനങ്ങളുമായി നേർക്കുനേർ ബന്ധമില്ലാത്ത വിഷയമായിരുന്നു എന്നതായിരുന്നു അതിന് കാരണം.

എന്നാൽ ജനാധിപത്യ ഭരണ സംവിധാനങ്ങളുള്ള നാടുകളിൽ ഭരണവും ഭരണ മാറ്റവുമൊക്കെ ജനങ്ങളുടെ കൈകളിലാണ് നില കൊള്ളുന്നത്. ഭൂരിപക്ഷം ആളുകളുടെ മനോഗതം അനുകൂലമാക്കാൻ കഴിയുന്നതാർക്കാണോ അവരുടെ കൈകളിലായിരിക്കും അധികാരം വന്നുചേരുക. അതുകൊണ്ടു തന്നെ ജനാധിപത്യ വ്യവസ്ഥയുള്ള രാജ്യങ്ങളിലെ ഭരണാധികാരികളെ സംബന്ധിച്ചും അവിടങ്ങളിൽ അധികാരം കൊതിക്കുന്നവരെ സംബന്ധിച്ചും തങ്ങൾ ചെയ്യുന്ന ഓരോ കാര്യവും നാട്ടിലെ ജനങ്ങളെ ബോധ്യപ്പെടുത്തേണ്ടുന്ന ഉത്തരവാദിത്വം അവർക്കുണ്ട്. അത് അവരിൽ വന്നുചേരുന്നു.

ഭൂരിപക്ഷം ജനങ്ങളെയും തങ്ങളുടെ പക്ഷത്ത് നിർത്താനുള്ള തന്ത്രങ്ങളാണ് ജനാധിപത്യ രാജ്യങ്ങളിൽ രാഷ്ട്രീയക്കാർ പയറ്റിക്കൊണ്ടിരിക്കുന്നത്. അനീതിയെ നീതിയായും, അസത്യത്തെ സത്യമായും, അന്യായത്തെ ന്യായമായും, അധാർമികതയെ ധാർമികതയായും അവതരിപ്പിച്ച് ആളുകളുടെ മുന്നിൽ നല്ലവരായി ചമയാനാണ് മിക്ക ജനാധിപത്യ രാജ്യങ്ങളിലെയും ഭരണാധികാരികൾ ശ്രമിക്കുന്നത്.

വോട്ടുബാങ്കിന്റെ കനം നോക്കിയാണ് പലപ്പോഴും ജനാധിപത്യ രാജ്യങ്ങളിൽ നീതിയും ന്യായവും തീരുമാനിക്കപ്പെടുന്നത്. ഭൂരിപക്ഷത്തെ കൂടെ നിർത്താൻ വേണ്ടി ചില രാഷ്ട്രീയക്കാർ ന്യൂനപക്ഷത്തോട് അനീതി കാണിക്കുന്നു. സംഘടിത വർഗ്ഗത്തിന്റെ താൽപര്യം സംരക്ഷിക്കാൻ വേണ്ടി അവർ അസംഘടിതരെ ദ്രോഹിക്കുന്നു. വർഗ്ഗീയതയും വംശീയതയും വളർത്തി കലാപങ്ങളുണ്ടാക്കുന്നു.

ലോകരാഷ്ട്രീയ ചരിത്രത്തിൽ നിറഞ്ഞാടിയ പല അനീതികളും അക്രമങ്ങളും ജനാധിപത്യത്തിന്റെ കീഴിലും തണലിലുമാണ് നടപ്പാക്കപ്പെട്ടത് എന്നതാണ് ചരിത്രം. അറബ് ലോകത്ത് ഇന്ന് ദൃശ്യമായ സകല അരാജകാവസ്ഥയിലേക്കും നയിക്കപ്പെട്ട സംഗതികൾക്ക് തുടക്കമായത് ഇറാക് ഭരണാധികാരി സദ്ദാം ഹുസൈൻ അധികാരത്തിൽ നിന്ന് പിഴുതെറിയപ്പെട്ടതോടെയാണ്. മൂന്ന് പതിറ്റാണ്ടിലധികം ഇറാകിന്റെ സാരഥിയായി വാണ സദ്ദാം തന്റെ രാജ്യത്തെ ലോകരാഷ്ട്രങ്ങളുടെ മുന്നിലേക്കെത്തിക്കാൻ ശ്രമിച്ച ഭരണാധികാരിയാണ്. ആ രാജ്യത്തെ തകർക്കാൻ ഗൂഢാലോചന നടത്തിയ സയണിസ്റ്റ്-സാമ്രാജ്യത്വ ശക്തികൾ ജനാധിപത്യത്തിന്റെ പിൻവാതിലിലൂടെ കയറി ഐക്യരാഷ്ട്ര സഭയെ ഉപയോഗിച്ച് കൊണ്ടാണ് തങ്ങളുടെ ലക്ഷ്യം നേടിയത്. "സദ്ദാം ഹുസൈൻ ലോക സമാധാനത്തിന് ഭീഷണിയാണ്, ഇറാക് ഭീകരവാദികളുടെ താവളമാണ്, ഇറാകിൽ കൂട്ട നശീകരണ ആയുധങ്ങൾ കുന്നുകൂട്ടിയിട്ടുണ്ട് എന്നിങ്ങനെ കല്ലുവെച്ച കുറെ നുണകൾ തങ്ങളുടെ മീഡിയകളിലൂടെ നിരന്തരം പ്രചരിപ്പിച്ച് ലോകജനമനസ്സിനെ തങ്ങൾക്ക് അനുകൂലമാക്കിയതിന് ശേഷമാണ് ഐക്യരാഷ്ട്ര സഭയുടെ ഒത്താശയോടെ അമേരിക്കയുടെ നേതൃത്വത്തില് സാമ്രാജ്യത്വ ശക്തികൾ ഇറാകിനെ നശിപ്പിച്ചത്. എല്ലാ ലക്ഷ്യവും നേടിക്കഴിഞ്ഞ ശേഷം ഇറാകിന്റെ കാര്യത്തിൽ തങ്ങൾക്ക് തെറ്റുപറ്റി എന്ന് അക്രമത്തിനും അനീതിക്കും അരാജകത്വത്തിനും നേതൃത്വം നൽകിയവർ കുമ്പസരിക്കുകയും ചെയ്തു. സദ്ദാംവധത്തെ തുടർന്ന് അറബ് ലോകത്ത് മുഴുവൻ അരാജകത്വം വിതക്കപ്പെട്ടു. ഇന്നും അതിന്റെ പരമ്പര തുടർന്ന്

കൊണ്ടിരിക്കുന്നു. മനുഷ്യത്വരഹിതവും ചരിത്രത്തിൽ തുല്യതയില്ലാത്തതുമായ ഈ കടുംകൈയ്യും ക്രൂരതകളുമൊക്കെ അരങ്ങേറിയത് ജനാധിപത്യത്തിന്റെ തണലിലാണ് എന്ന് ഓർമ്മിപ്പിക്കാനാണ് ഇതിവിടെ പറഞ്ഞത്.

ആദ്യം ബ്രാന്റ് ചെയ്യുക, പിന്നെ ലിങ്ക് ചെയ്യുക, പിന്നെ നശിപ്പിക്കുക എന്നതാണ് ഇന്ന് ലോക്ക് പ്രയോഗവൽക്കരിക്കപ്പെട്ടു കൊണ്ടിരിക്കുന്ന കാട്ടുനീതി. ജനാധിപത്യ രാജ്യങ്ങളിലും ഐക്യരാഷ്ട്രസഭ പോലുള്ള സംവിധാനങ്ങളിലും ഉത്തരവാദപ്പെട്ടവരും ഭരണാധികാരികളും ഇന്ന് സ്വീകരിക്കുന്നത് ഈ രീതിയാണ്.

ഇന്ന് ലോകത്ത് മുസ്‌ലിം സമുദായമാണ് ഈ അനീതിക്ക് ഏറ്റവുമധികം വിധേയരായിക്കൊണ്ടിരിക്കുന്നത്. ബ്രാന്റിംഗിന്റെ ശബ്ദങ്ങളും സാങ്കേതിക പ്രയോഗങ്ങളും മാറിമറിഞ്ഞു കൊണ്ടിരിക്കുന്നുവെങ്കിലും ഈ വേട്ടക്ക് അനവധി കാലങ്ങളുടെ പഴക്കമുണ്ട്.

ഇസ്‌ലാമിനും മുസ്‌ലിം സമുദായത്തിനും നേരെയുള്ള കിരാതമായ വേട്ടയാടലാണ് ലോകത്തുടനീളമിന്ന് നടന്നുകൊണ്ടിരിക്കുന്നത്. ഈ വേട്ടയാടലിന് വേണ്ടി ഓരോ കാലത്തും പ്രത്യേകം പ്രത്യേകം പ്രചാരണങ്ങളാണ് ഇസ്‌ലാമിന്റെ ശത്രുക്കൾ നടത്തി വന്നിട്ടുള്ളത്. ഇസ്‌ലാമിക രാജ്യങ്ങളിൽ പിന്തുടർന്ന് വരുന്ന ശരീഅതിന് വിധേയമായ ശിക്ഷാ നിയമങ്ങൾ എടുത്തു കാണിച്ചുകൊണ്ടായിരുന്നു ഒരു കാലത്തെ ഇസ്‌ലാം വിരുദ്ധ പ്രചാരണം. കട്ടവന്റെ കൈ വെട്ടുക പോലെയുള്ള നടപടികളിലൂടെ ഇസ്‌ലാം മനുഷ്യത്വരഹിതമായ ഒരി കിരാത ആദർശമാണെന്ന് പ്രചരിപ്പിക്കപ്പെട്ടു. എന്നാൽ, കുറ്റകൃത്യങ്ങൾ ഒഴിവാക്കാൻ ഇസ്‌ലാമിക ശിക്ഷാ സമ്പ്രദായങ്ങൾ നടപ്പാക്കലാണ് പരിഹാരമെന്ന് ഇന്ന് അമുസ്‌ലിം പ്രധാനികൾ പോലും വാദിച്ചുകൊണ്ടിരിക്കുന്നു. ഇസ്‌ലാം പരിഷ്കൃത സമൂഹത്തിന് പറ്റാത്ത പ്രാകൃത മതമാണെന്ന് പറയാനായി ഒരു കാലത്ത് ഉപയോഗിച്ചത് ഇസ്‌ലാമിൽ അടിമത്ത സമ്പ്രദായമുണ്ടെന്ന കണ്ടെത്തലായിരുന്നു. അതുപോലെ ബഹുഭാര്യത്വവും വിവാഹ മോചനവും മുത്വലാകുമൊക്കെ വൻ വിവാദങ്ങളാക്കപ്പെട്ട സന്ദർഭങ്ങളുണ്ടായിട്ടുണ്ട്. അതിന്റെയൊക്കെ ചില വകഭേദങ്ങൾ ഇന്നും നിലനിൽക്കുന്നു.

നീക്കുപോക്കിന് തയ്യാറാകാതെ മതം പാലിക്കുന്ന മുസൽമാനെതിരെ 'മതമൗലികവാദി' എന്ന് പ്രയോഗിച്ചുവന്നു. മതം പാലിച്ച് ജീവിക്കൽ ഒരു കുറ്റമായി പ്രചരിപ്പിച്ച് കൊണ്ട് ഏറെക്കാലം വേട്ട നടന്നു. പിന്നീടാണ് തീവ്രവാദി, ഭീകരവാദി എന്നൊക്കെയുള്ള ആക്ഷേപങ്ങൾ വ്യാപകമായി ഉപയോഗിക്കപ്പെട്ടു തുടങ്ങിയത്. ഇപ്പോൾ അവസാനമായി ഐ എസ് ഐ എസ്സിലാണ് ഈ ബ്രാന്റിംഗ് എത്തി നിൽക്കുന്നത്.

'മതമൗലികവാദി, തീവ്രവാദി, ഭീകരവാദി, ഐ എസ്' എന്നൊക്കെയുള്ളത് ഇഷ്ടമില്ലാത്തവനെ ഇല്ലായ്മ ചെയ്യാനും, ചിലരെ അനന്തകാലത്തേക്ക് തടവിലിടാനുമൊക്കെയുള്ള അവകാശം സ്ഥാപിക്കാനായി ജനാധിപത്യ ഭരണകൂടങ്ങൾ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ഉപകരണങ്ങളായി മാറിയിരിക്കുകയാണിന്ന്. തീവ്രവാദ, ഭീകരവാദ കുറ്റം ചുമത്തി എത്രയെത്ര മുസ്‌ലിം ചെറുപ്പക്കാർ ഇതിനകം ഇന്ത്യയിൽ അകാരണമായി ജയിലിലടക്കപ്പെട്ടു? അങ്ങനെ ആയുസ്സിന്റെ നല്ലകാലം ജയിലിൽ കഴിഞ്ഞ് അവസാനം നിരപരാധിയാണെന്ന് വിധിക്കപ്പെടുകയും ജയിൽമോചിതരാവുകയും ചെയ്ത അനുഭവങ്ങൾ അനവധിയാണ്.

ഭരണകൂടങ്ങൾ ചുട്ടെടുക്കുന്ന 'പോട്ട'യും 'ഊപ്പ'യുമടക്കമുള്ള കരിനിയമങ്ങളെല്ലാം മുസ്‌ലിം സമുദായത്തിനായി സംവരണം ചെയ്യപ്പെട്ടതുപോലെയാണ് കാര്യങ്ങൾ നീങ്ങുന്നത്. മതത്തിന്റെ അടിസ്ഥാനത്തിലും പ്രേരണയിലും കലാപങ്ങൾ സൃഷ്ടിക്കുകയും പരസ്യമായി ആളുകളെ കലാപത്തിന് ആഹ്വാനം ചെയ്യുകയും മതവിദ്വേഷം ഇളക്കി വിട്ട് ആയിരങ്ങളെ കൊന്നും തീവെച്ചും നശിപ്പിക്കുകയും ചെയ്തവർക്കെതിരിൽ ഇന്നോളം ഇവിടെയാരും കുപ്രസിദ്ധമായ കരിനിയമങ്ങൾ പ്രയോഗിച്ചതായി കാണാനില്ല. എന്നാൽ മതസ്പർദ്ധ വളർത്തുന്ന തരത്തിൽ പ്രസംഗിച്ചു എന്ന് ആരോപിച്ച് കൊണ്ട് ഒരു മുസ്‌ലിമിനെതിരെ പരാതി കിട്ടേണ്ട താമസമേയുള്ളൂ അയാൾക്കെതിരെ കരിനിയമത്തിന്റെ വകുപ്പുകൾ ചുമത്തി കേസെടുക്കാൻ! പ്രതികളാക്കപ്പെടുന്നവർക്ക് നിയമത്തിന്റെ മുന്നിൽ തന്റെ ഭാഗം അവതരിപ്പിക്കാൻ പോലും സാവകാശം നൽകാതെയുള്ള ഈ തിടുക്കം നിയമത്തിന്റെ മുന്നിൽ എല്ലാവരും തുല്യരാണെന്ന ഉദാത്ത നീതിശാസ്ത്രത്തെ തന്നെ കൊഞ്ഞനം കുത്തലല്ലെങ്കിൽ പിന്നെയെന്താണ്?

ഇന്ത്യയെപ്പോലെ വിവിധ മതസമൂഹങ്ങൾ ഒരുമിച്ച് ജീവിക്കുന്ന ഒരു രാജ്യത്ത് സാംസ്കാരികമായ ഒട്ടേറെ വൈവിധ്യങ്ങൾ നിലനിൽക്കുക സ്വാഭാവികമാണ്. മുപ്പത്തിമുക്കോടി ആരാധ്യൻമാരെ ആരാധിക്കുകയും പൂജിക്കുകയും ചെയ്യുന്നവരാണ് ഇവിടത്തെ ഹിന്ദുമത വിശ്വാസികൾ. മുസ്‌ലിംകളാവട്ടെ ഏകനായ അല്ലാഹുവിൽ മാത്രം വിശ്വസിക്കുന്നവരാണ്. അതായത്, സകല ചരാചരങ്ങളെയും സൃഷ്ടിച്ച് പരിപാലിക്കുന്ന ഏകനായ അല്ലാഹുവെയല്ലാതെ ആരാധിക്കരുത് എന്നാണ് മുസ്‌ലിംകളുടെ വിശ്വാസം. വിശ്വാസപരമായി ഒരിക്കലും പരസ്പരം കൂട്ടിമുട്ടാൻ കഴിയാത്ത വിധം സമാന്തരമാണ് ഈ രണ്ട് സംസ്കാരങ്ങൾ. രണ്ട് വിരുദ്ധ ധ്രുവങ്ങളിൽ നിലനിൽക്കുന്ന ഈ രണ്ട് സംസ്കാരങ്ങളെ സമന്വയപ്പെടുത്താൻ ആര് വിചാരിച്ചാലും സാധ്യമല്ല. വിശ്വാസപരമായും സാംസ്കാരികമായും സമന്വയിക്കാതെ ഓരോരുത്തർക്കും അവരവരുടെ വ്യക്തിത്വം കാത്തു സൂക്ഷിച്ച് ജീവിക്കാം എന്നതാണ് ഈ രാജ്യത്തിന്റെ ഭരണഘടന ഉറപ്പു നൽകുന്ന അവകാശം. അതേയവസരംതന്നെ വിശ്വാസപരമായും സാംസ്കാരികപരമായും രണ്ട് ധ്രുവങ്ങളിൽ നിലകൊള്ളുമ്പോഴും മനുഷ്യരെന്ന നിലയിലുള്ള പരസ്പര കടമകളും ബാധ്യതകളും നിർവഹിക്കുന്ന കാര്യത്തിൽ മതം തടസ്സമായിക്കൂടാ എന്നതാണ് ഇസ്‌ലാമിക പ്രമാണങ്ങൾ പഠിപ്പിക്കുന്നത്. വിശക്കുന്നവന് ആഹാരം, രോഗിക്ക് മരുന്ന്, ദാഹിക്കുന്നവന് വെള്ളം ഇതൊക്കെ നൽകൽ മനുഷ്യത്വത്തിന്റെ ഭാഗമാണ്. ഒരു മനുഷ്യനോടും-അവൻ ഏത് മതക്കാരനായാലും-അനീതി കാണിക്കാൻ പാടില്ല, നീതിയിൽ വർത്തിക്കണം എന്നൊക്കെയുള്ളത് ഒരു വിശ്വാസി കാണിക്കേണ്ട മര്യാദയാണെന്നാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്. ഇക്കാര്യം ഊന്നിപ്പറയുകയും പ്രബോധനം ചെയ്യുകയും ചെയ്തുകൊണ്ടിരിക്കുകയും കാലമിത്രയും തീവ്രവാദ-ഭീകരവാദ പ്രവണതകൾക്കെതിരെ ശബ്ദവും തൂലികയും ഉപയോഗിക്കുകയും ചെയ്തുകൊണ്ടിരിക്കുന്ന മതപ്രബോധകൻമാർക്കെതിരെ തന്നെയാണ് ഇപ്പോൾ മതസ്പർദ്ദയുടെ പേര് പറഞ്ഞ് യു എ പി എ ചുമത്തപ്പെടുന്നത് എന്ന് വരുമ്പോൾ അതിൽ പിന്നിൽ ഗൂഢമായ എന്തോ ചില ലക്ഷ്യങ്ങളുണ്ട് എന്ന് തിരിച്ചറിയാൻ യാതൊരു പ്രയാസവുമില്ല.

മതത്തിന്റെ പേരിൽ അരങ്ങേറിക്കൊണ്ടിരിക്കുന്ന തീവ്രവാദവും ഭീകരപ്രവർത്തനങ്ങളും ഇന്ന് എല്ലാ മതങ്ങളിലും നിലനിൽക്കുന്നു എന്നതാണ് വസ്തുത. മതത്തെ മറയാക്കി രാഷ്ട്രീയം കളിക്കുന്നവരാണ് ഇതിന് പിന്നിൽ പ്രവർത്തിക്കുന്നത്. എന്നാൽ, 'തീവ്രവാദി,

ഭീകരവാദി' എന്ന് കേൾക്കുമ്പോൾ ഒരു സാധാരണക്കാരന്റെ മനസ്സിൽ തെളിഞ്ഞ് വരുന്നത് മുസ്‌ലിംകളുടെ ചിത്രമായിരിക്കും. ലോകമീഡിയകൾ നടത്തിക്കൊണ്ടിരിക്കുന്ന 'ബ്രാന്റിംഗി'ന്റെ ഫലമായാണ് ഇത് സംഭവിച്ചത്.

വാസ്തവമെന്തെന്നാൽ, മുസ്‌ലിം സമുദായത്തിന്റെ ഏറ്റവും ഉത്തരവാദപ്പെട്ട സോഴ്സുകൾ മുഴുവനും മതത്തിന്റെ പേരിലുള്ള എല്ലാവിധ തീവ്രവാദ നിലപാടുകളെയും ശക്തമായി എതിർക്കുന്നു എന്നുള്ളതാണ്. ഇസ്‌ലാമിക പ്രമാണങ്ങളിൽ വിശ്വസിക്കുന്ന ഒരു മുസ്‌ലിമിനും തീവ്രവാദിയോ ഭീകരവാദിയോ ആകാൻ കഴിയില്ല എന്നതാണ് ഈ നിലപാടിന്റെ അടിസ്ഥാനം.

എന്നാൽ, ഇതര മതസമൂഹങ്ങളെ സംബന്ധിച്ചിടത്തോളം അവരിൽ നിന്ന് മുസ്‌ലിംകളാതി മതന്യൂനപക്ഷങ്ങൾ ഇന്നോളം അനുഭവിക്കേണ്ടി വന്ന ഏതെങ്കിലും ഭീകര പ്രവർത്തനങ്ങളെയോ ഉൻമൂലന നീക്കങ്ങളെയോ എതിർക്കുകയോ അപലപിക്കുകയോ ചെയ്ത ഒരു അനുഭവം മതത്തിന്റെ ഉത്തരവാദപ്പെട്ട കേന്ദ്രങ്ങളിൽ നിന്ന് ഉണ്ടായിട്ടില്ല എന്നതാണ് അനുഭവം. മറിച്ച്, അത്തരം ഭീകരതക്ക് ന്യായം ചമക്കുകയാണ് ചെയ്യുന്നത്. ഫിലസ്തീനിൽ ഇസ്രയേൽ നടപ്പാക്കുന്ന ഭീകരത, ബോസ്നിയയിൽ പാശ്ചാത്യർ നടത്തിയ മുസ്‌ലിം ഉൻമൂലനങ്ങൾ, ഗുജ്റാത്തിൽ നടന്ന മുസ്‌ലിംഹത്യകൾ ഇതൊക്കെയും മുസ്‌ലിംകൾക്ക് നേരെ ഇതര മതവിഭാഗത്തിലെ ചിലയാളുകൾ നടത്തിയിട്ടുള്ള കടുത്ത ഭീകരപ്രവർത്തനങ്ങളാണ്. എന്നാൽ ആ മതത്തിന്റെ ഉത്തരവാദപ്പെട്ട സ്ഥാനത്തിരിക്കുന്നവരിൽ ആരെങ്കിലും ഇത്തരം പ്രവർത്തനങ്ങളെ എതിർക്കുകയോ അപലപിക്കുകയോ ഇരകളെ സമാധാനിപ്പിക്കുകയോ ചെയ്യുകയുണ്ടായില്ല. എന്നാൽ ഇസ്‌ലാമിക നിലപാട് ഇതല്ല. ഒരു മുസ്‌ലിം ഒരു അമുസ്‌ലിമിനെ അന്യായമായി അക്രമിക്കുകയോ പീഢിപ്പിക്കുകയോ വേദനിപ്പിക്കുകയോ ചെയ്താൽ മുസ്‌ലിം നിൽക്കുക അക്രമിയായ മുസ്‌ലിമിന്റെ പക്ഷത്തല്ല. മറിച്ച്, അന്യായമായി അക്രമിക്കപ്പെട്ട അമുസ്‌ലിമിന്റെ പക്ഷത്താണ്. അതാണ് ഇസ്‌ലാം ഞങ്ങളെ പഠിപ്പിച്ചിട്ടുള്ളത്. ഇത് ഇവിടത്തെ മതേതര സമൂഹത്തിന്റെ കൈയ്യടി കിട്ടാൻ വേണ്ടി പറയുന്ന വാചാടോപമല്ല. മറിച്ച്, ഞങ്ങളുടെ നേതാവായ മുഹമ്മദ് നബി(സ)യും ഇസ്‌ലാമിക പ്രമാണങ്ങളും ഞങ്ങളെ പഠിപ്പിച്ച ആദർശമാണത്.

ലോകത്ത് പ്രത്യക്ഷപ്പെട്ട എല്ലാ ഭീകരപ്രവർത്തനങ്ങളെയും ശക്തമായി എതിർത്ത പാരമ്പര്യമാണ് സലഫികൾക്കുള്ളത്. ഭീകരപ്രവർത്തനങ്ങൾ ഇസ്‌ലാമിക വിരുദ്ധമാണ് എന്നതാണ് ആ എതിർപ്പിന്റെ കാരണം. എന്നാൽ അതേ സലഫികളെ തന്നെയാണിപ്പോൾ ഭീകരതയുടെ ചാപ്പ കുത്തി തകർക്കാൻ ശ്രമം നടക്കുന്നത് എന്ന നിലപാടിൽ എന്തോ ചില രഹസ്യ അജണ്ടകളും ഗൂഢാലോചനകളുമുണ്ട്.

കേരളീയ പശ്ചാതലത്തിലും ഇന്ന് ഈ സലഫീ വിരുദ്ധ വിചാരണകളും വേട്ടയും ശക്തിപ്പെടുത്താനുള്ള നിഗൂഢ ശ്രമങ്ങൾ നടക്കുന്നുണ്ട്. പീസ് സ്കൂളുകൾക്ക് നേരെയുള്ള നീക്കങ്ങൾ ആ ഗണത്തിൽ പെട്ടതാണ്. കേരളത്തിലെ എല്ലാ മതവിഭാഗത്തിൽ പെട്ടവരും നിയമത്തിന് വിധേയമായി സ്കൂളുകളും മറ്റു വിദ്യാഭ്യാസ സ്ഥാപനങ്ങളും നടത്തുന്നുണ്ട്. ഓരോ സ്ഥാപനത്തിന്റെയും സ്ഥാപകർ തങ്ങളുടേതായ മതവും സംസ്കാരവും കുട്ടികളെ പഠിപ്പിക്കാൻ പ്രത്യേക മതാധ്യാപനങ്ങൾ അവിടങ്ങളിൽ നടത്തുന്നു എന്നതും പരസ്യമായ ഒരു സത്യമാണ്. ഇതിൽ നിന്നും വ്യത്യസ്തമായ ഒന്നും പീസ് സ്കൂളുകളിലും നടക്കുന്നില്ല. അപ്പോൾ പിന്നെ അതിനെതിരിൽ നടക്കുന്ന കോലാഹലങ്ങൾക്ക് പിന്നിൽ എന്തോ ഗൂഢ ലക്ഷ്യമാണുള്ളതെന്ന് മനസ്സിലാക്കാൻ പ്രയാസപ്പെടേണ്ടതുണ്ടോ?

'ഐ എസ് ഐ എസ്' എന്നൊരു ബ്രാന്റ് നിർമിച്ച് അതിലേക്ക് ആളുകളെ ലിങ്ക് ചെയ്ത് പീഢനം നടത്തുവാനും 'ഐ എസ്സ് സമം സലഫി' എന്ന ഇക്വേഷൻ പ്രചരിപ്പിച്ച് സലഫികളെ തകർക്കാനും ശ്രമിക്കുന്നവരോട് ഞങ്ങൾക്ക് പറയാനുള്ളത് ഇതാണ്. ഇസ്‌ലാമിനെയും മുസ്‌ലിം സമുദായത്തെയും തകർക്കുന്നതിന് വേണ്ടി സിയോണിസ്റ്റുകളുടെ വൃത്തികെട്ട തലച്ചോർ രൂപം നൽകിയ ഏറ്റവുമൊടുവിലത്തെ നികൃഷ്ട ജൻമമാണ് ഐ എസ്സ് എന്ന് തുടക്കം മുതലേ തിരിച്ചറിഞ്ഞവരാണ് ലോകത്തുള്ള സലഫികൾ. ഐ എസ്സും അതിന്റെ നേതാവ് അബൂബക്ർ ബാഗ്ദാദിയും പ്രത്യക്ഷപ്പെട്ട നിമിഷം മുതൽ തന്നെ മുസ്‌ലിം ഉമ്മത്തിന് അതുണ്ടാക്കാൻ പോകുന്ന ആഘാതങ്ങളെപ്പറ്റി ബോധവൽക്കരിച്ചവരാണ് സലഫീ പണ്ഡിതൻമാർ.

സുഊദീ അറേബ്യയിലെ സലഫീ പണ്ഡിതൻമാരുടെ നിലപാടിന്റെ ചുവട്പിടിച്ച് കേരളത്തിൽ ആദ്യമായി ഐ എസ്സിനെതിരെ ലേഖനമെഴുതി പ്രചരിപ്പിച്ചത് അൽ ഇസ്‌ലാഹ് മാസികയായിരുന്നു. ഇന്ന് ഐ എസ്സിന്റെ പേര് പറഞ്ഞ് പേടിപ്പിക്കുന്ന ഇവിടത്തെ മാധ്യമ തമ്പുരാക്കൻമാർക്ക് അന്ന് അതിനെക്കുറിച്ച് ബാലപാഠം പോലുമില്ലായിരുന്നു എന്നതാണ് വാസ്തവും. പക്ഷെ, ഞങ്ങൾക്ക് അന്നുതന്നെ അതിനെക്കുറിച്ച് കൃത്യമായ നിലപാടുണ്ടായിരുന്നു. പക്ഷെ, ഒരു വർഷം മുമ്പ് ആ ലേഖനം എഴുതി മാസികയിൽ പ്രസിദ്ധീകരിച്ച അതേ പ്രബോധകനെ തന്നെയാണ് ഇപ്പോൾ ഐ എസ്സിന്റെ പേര് പറഞ്ഞ് പീഢിപ്പിക്കാൻ ശ്രമിക്കുന്നത് എന്നതാണ് ദുഃഖകരമായ വിരോധാഭാസം. നീതിക്ക് പകരം അനീതിയും ന്യായത്തിന് പകരം അന്യായവുമാണ് ഇവിടെ പുലരുന്നത് എന്ന് ധരിക്കേണ്ടിടത്തേക്കാണ് കാര്യങ്ങൾ പോയിക്കൊണ്ടിരിക്കുന്നത്. നാട് ഭരിക്കുന്നവരിൽ നീതിബോധവും കാര്യബോധവും ഉള്ളവർ ഇനിയുമുണ്ട്. അവരിൽ നിന്നും ഇക്കാര്യത്തിൽ നീതിബോധത്തോടെയുള്ള ഇടപെടലുണ്ടാകും എന്നു കരുതുന്നു. എല്ലാത്തിലുമുപരി സർവ്വശക്തനായ അല്ലാഹുവിൽ ഞങ്ങൾ അഭയം തേടുന്നു. അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ. ആമീൻ.